പദ്ധതിക്ക് വേണ്ടി കാരാപ്പുഴ ഡാം സ്രോതസ്സാക്കി 90 കി.മീ. പൈപ്പ് ലൈനോടു കൂടിയ പദ്ധതിക്ക് പുതുക്കിയ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചു. അതനുസരിച്ച് സർവ്വേ പൂർത്തിയാക്കി എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പദ്ധതിയുടെ അടങ്കൽ തുക 710 ലക്ഷം രൂപയാണ്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതി

58 [1853] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ വരൾച്ച മൂലം ഉളവായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മുഖാന്തിരം എത്തെല്ലാം പദ്ധതികളാണ് ഏറ്റെടുത്തത്;

(ബി) ഇതിലേക്ക് ഡിവിഷൻ തലത്തിൽ എത്ര രൂപാ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തകരാറിലായ പൈപ്പുകൾ മാറ്റിയിടുക, സ്രോതസ്സുകൾ വിപുലീകരിക്കുക, പൈപ്പ് ലൈനുകൾ നീട്ടുക, കൂടുതൽ പമ്പിംഗ് ഏർപ്പെടുത്തുക, പഴക്കമേറിയ പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കുക, കുഴൽക്കിണറുകൾ നിർമ്മിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആറ്റിങ്ങൽ വാട്ടർ സപ്ലൈ ഡിവിഷനിൽ 32.12 ലക്ഷം രൂപയും, നെയ്യാറ്റിൻകര ഡിവിഷനിൽ 5.12 ലക്ഷം രൂപയും, അരുവിക്കര ഹെഡ് വർക്ക്സ് ഡിവിഷനിൽ 11.67 ലക്ഷം രൂപയും, തിരുവനന്തപുരം പി.എച്ച്. ഡിവിഷനിൽ 27.72 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

വയനാട്ടിലെ ജലക്ഷാമത്തിന് പരിഹാരം കാണാൻ പദ്ധതി

59 [1854] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രൂക്ഷമായ വരൾച്ച കാരണം വയനാട്ടിലെ കിണറുകളും കുളങ്ങളും മറ്റു ജലസ്രോതസ്സുകളും വറ്റി വരളുകയുണ്ടായോ;

(ബി) ഇതിനു പരിഹാരമായി അടിയണയും തടയണയും ചെക്കുഡാമുകളും ഉഗർഭ അണകളും നിർമ്മിച്ച് ജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിയുമോ;

(സി) എങ്കിൽ വയനാട്ടിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ടായിട്ടുണ്ട്.

(ബി) ഒരു പരിധിവരെ കഴിയും.

(സി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുരങ്ങാടി പരപ്പനങ്ങാടി പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം

60 [1856] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി, പരപ്പനങ്ങാടി പഞ്ചായത്തുകളിലെ രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള പദ്ധതികൾ സർക്കാർ പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ എ.ആർ. നഗർ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം

61 [1857] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ എ.ആർ. നഗർ പഞ്ചായത്തിൽ രൂക്ഷമായ ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഇതുവരെ നടപടി ഒന്നും ഉണ്ടായിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly